ഉണ്ടായിരുന്ന അവ്യക്തത മാറ്റുന്നതിനുള്ള നടപടികൾ സർക്കാർ യഥാസമയം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പിൻതുടരുകയും ആവശ്യമായിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.

ചെറുവണ്ണൂർ നല്ലളം പഞ്ചായത്തിലെ ഞെളിയൻപറമ്പ് മാലിന്യ നിക്ഷേപ കേന്ദ്രത്തിനെതിരെ നടപടി

110. [876] ശ്രീ. വി.കെ.സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുവണ്ണൂർ നല്ലളം പഞ്ചായത്തിലെ ഞെളിയൻപറമ്പ് മാലിന്യ നിക്ഷേപ കേന്ദ്രവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ എന്തെല്ലാം തീരുമാനങ്ങൾ ഇതേവരെ നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) ബാക്കിയുള്ളവ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത യോഗത്തിലെ തീരുമാനമനുസരിച്ച് ഇപ്പോഴുള്ള മാലിന്യ സംസ്കരണ പ്ലാന്റ് അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് കോർപ്പറേഷൻ കൗൺസിൽ തീരുമാനിക്കുകയും കോഴിക്കോട് വികസന അതോറിറ്റിയോട് ആവശ്യമായ സ്ഥലം കണ്ടെത്തി അക്വയർ ചെയ്തു കൊടുക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഞെളിയൻപറമ്പിലെ നിലവിലുള്ള പ്ലാന്റ് നവീകരണ പ്രവർത്തി ടെൻഡർ ചെയ്ത് നടത്തിവരുന്നുണ്ട്. ഇപ്പോൾ പ്ലാന്റ് പ്രവർത്തിക്കുന്നതിന് പോബ്സ് എൻവിറോടെക്കിനെ ഏൽപ്പിച്ചിട്ടുണ്ട്. കൂടിക്കിടക്കുന്ന ചവർ സാനിറ്ററി ലാന്റ് ഫിൽ ചെയ്യുന്ന 16 ലക്ഷം രൂപ വരുന്ന പ്രവർത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്യുകയും, കരാറുകാരൻ പ്രവർത്തി നടത്തിവരികയും ആണ്. ഫാക്ടറി യാർഡ്, കോൺക്രീറ്റ് ചെയ്യുന്ന പ്രവർത്തിയുടെ ടെണ്ടർ, വർക്കോർഡർ നല്കി കരാർ വച്ചിട്ടുള്ളതാണ്. പ്ലാന്റ് സൈറ്റിൽ വർഷങ്ങളായി കിടക്കുന്ന ചപ്പുചവറുകൾ അവിടെ നിന്ന് മാറ്റുന്ന പ്രവർത്തിക്ക് അടിയന്തിര കവട്ടേഷൻ വിളിച്ചിട്ടുള്ളതും ഉടൻ നടപടി സ്വീകരിക്കുന്നതുമാണ്. പ്ലാന്റിൽ നിന്നും മലിനജലം പുറത്തുപോകാതെ സംസ്കരിക്കുന്നതിനും പ്ലാന്റിന്റെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന തരത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കോർപ്പറേഷൻ നേരിട്ട് കുടിവെള്ളം നൽകിവരുന്നുണ്ട്. ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനായി മലിനജലം ഒഴുക്കി വിടുവാനും, മലിന ജലം

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (875)ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധിയാക്കുന്നതിനും സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുജന ആരോഗ്യത്തിനായി മെഡിക്കൽ ക്യാമ്പുകൾ നടത്താൻ കോർപ്പറേഷൻ സന്നദ്ധമാണെങ്കിലും പരിസരവാസികളുടെ നിസ്സഹകരണം മൂലം ടി. ക്യാമ്പുകൾ ഇപ്പോൾ നടത്താൻ കഴിയുന്നില്ല.

(ബി) സ്വീകരിക്കുന്നതാണ്.

മണ്ണാർക്കാട് പഞ്ചായത്ത് വിഭജനം

111. [877] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് പഞ്ചായത്ത് വിഭജിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) വിഭജന നടപടികൾ എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിഭജന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

മുൻപഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ പദ്ധതി

112. [878] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകുവാനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പഞ്ചായത്തു മെമ്പർമാരായി സേവനം അനുഷ്ഠിച്ച നിരവധി ആളുകൾ ഇപ്പോൾ യാതൊരു ജോലിയും ചെയ്യാനാവാതെ, ചികിത്സയ്ക്കുപോലും വരുമാനമില്ലാതെ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഇവർക്ക് പെൻഷൻ നൽകുന്നതിനായി ഒരു പദ്ധതി തയ്യാറാക്കുവാൻ സർക്കാർ മുൻകയ്യെടുക്കുമോ ; എങ്കിൽ ഇതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ, ബി) പഞ്ചായത്തിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ നൽകാനുള്ള പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly